# PROVISIONAL ANSWER KEY

| | |
|---|---|
| Question Paper Code: | 96/2024/OL |
| Category Code: | 070/2023 |
| Exam: | Pre Primary Teacher Deaf School |
| Date of Test | 16-08-2024 |
| Department | General Education |

Question1:-സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡ് (CSWB) സ്ഥാപിതമായ വർഷം

A:-1953

B:-1993

C:-1961

D:-1952

Correct Answer:- Option-A

Question2:-പ്രീസ്കൂൾ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും സ്ഥാപനങ്ങളുമാണ് ചുവടെ നൽകിയിട്ടുള്ളത്. ഇവയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന ജോടി ഏത്

A:-സാമൂഹ്യക്ഷേമ വകുപ്പ് - അങ്കണവാടി

B:-ഗ്രാമ വികസന വകുപ്പ് - ബാലവാടി

C:-പട്ടികജാതി ക്ഷേമ വകുപ്പ് - ഗവ. മോഡൽ പ്രീ- പ്രൈമറി സ്കൂൾ

D:-പൊതു വിദ്യാഭ്യാസ വകുപ്പ് - ഗവ. മോഡൽ നഴ്സറി സ്കൂൾ

Correct Answer:- Option-C

Question3:-ലേണിംഗ് വിത്തൌട്ട് ബർഡൻ (Learning Without Burden) എന്ന പേരിൽ അറിയപ്പെടുന്ന റിപ്പോർട്ട്.

A:-നാഷണൽ പോളിസി ഫോർ ചിൽഡ്രൻ

B:-ദേശീയ വിദ്യാഭ്യാസ നയം (1986)

C:-ആചാര്യ രാമമൂർത്തി കമ്മിറ്റി റിപ്പോർട്ട്

D:-യശ് പാൽ കമ്മിറ്റി റിപ്പോർട്ട്

Correct Answer:- Option-D

Question4:-നാഷണൽ എഡ്യുക്കേഷൻ  കമ്മീഷൻ എന്ന് അറിയപ്പെടുന്നത്

A:-കോത്താരി കമ്മീഷൻ

B:-നാഷണൽ പോളിസി ഫോർ ചിൽഡ്രൻ

C:-ദേശിയ വിദ്യാഭ്യാസ നയം (1986)

D:-ദേശിയ വിദ്യാഭ്യാസ നയം (2020)

Correct Answer:- Option-A

Question5:-ആധുനിക വിദ്യാഭ്യാസത്തിൻ്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്

A:-പൌലോ ഫ്രെയർ

B:-ജീൻ ജാക്ക്വസ് റൂസ്സോ

C:-ജോൺ അമസ് കൊമേനിയസ്

D:-ജോൺ ഡ്യൂയി

Correct Answer:- Option-C

Question6:-കുട്ടികൾക്ക് താൽപര്യമുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാവാൻ അവർക്ക് അവസരം നൽകുക. അവർ സ്വയം അച്ചടക്കം പുലർത്തിക്കൊള്ളും. പുറത്തു നിന്നും അടിച്ചേൽപ്പിക്കുന്ന അച്ചടക്കം, ശിക്ഷ എന്നിവ കുട്ടികളുടെ വളർച്ചയെ തടസ്സപ്പെടുത്തും - എന്നത് ഏത് ദർശനവുമായി ബന്ധപ്പെട്ട അച്ചടക്ക സങ്കൽപ്പമാണ്.

A:-ആശയ വാദം

B:-പ്രകൃതി വാദം

C:- പ്രായോഗിക വാദം

D:-മാനവികതാ വാദം

Correct Answer:- Option-C

Question7:-ഭാഷാശാസ്ത്രജ്ഞനായ നോംചോംസ്കി മുന്നോട്ടു വച്ച ആശയം

A:-കുട്ടിക്ക് ഭാഷ ഉല്പാദിപ്പിക്കാൻ കഴിവുണ്ട്

B:-കുട്ടിയിൽ ജന്മസിദ്ധമായ ഭാഷ ഘടകമുണ്ട്

C:-ഭാഷ ജീവശാസ്ത്രപരമായി ചിട്ടപ്പെടുത്തിയ സംവിധാനമാണ്

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question8:-ഏതൊരു പാഠ്യവസ്തുവും ബുദ്ധിപരമായ സത്യസന്ധത പാലിച്ചുകൊണ്ട് ഏതൊരാളെയും പഠിപ്പിക്കാനാകും എന്ന് അഭിപ്രായപ്പെട്ടതാര്

A:-ജീൻ പിയാഷെ

B:-ജെറോം. എസ്. ബ്രൂണർ

C:-കാൾ റോജേഴ്സ്

D:-മാക്സ് വെർത്തിമർ

Correct Answer:- Option-B

Question9:-ജീൻ പിയാഷെയുടെ വൈജ്ഞാനിക വികാസ ഘട്ടങ്ങളിൽ
i. പ്രതിരൂപങ്ങൾ ഉപയോഗിക്കാൻ പഠിക്കുന്നു.
ii. അഹം കേന്ദ്രിത ചിന്തനം
iii. ദിശാന്തരണം അസാധ്യം
എന്നിവ ഏത് ഘട്ടത്തിൻ്റെ പ്രത്യകതയാണ്

A:-ഇന്ദ്രിയ ചാലകം

B:-മനോവ്യാപാര പൂർവ്വചിന്തനം

C:-രൂപാത്മക വ്യാപാര ചിന്തനം

D:-ഔപചാരിക മനോവ്യാപാര ചിന്തനം

Correct Answer:- Option-B

Question10:-അഭിലാഷങ്ങളെ നിയന്ത്രിക്കാനും സദാചാര സങ്കൽപ്പങ്ങൾക്കനുസരിച്ച് ജീവിക്കാനും ഒരാളെ

പ്രേരിപ്പിക്കുന്നതെന്ത്

A:-മനസ്സാക്ഷി

B:-ഇദ്ദ്

C:-ഈഗോ

D:-സൂപ്പർ ഈഗോ

Correct Answer:- Option-C

Question11:-സംഘപ്രവർത്തനെങ്ങൾ, പഠനയാത്രകൾ, ആഘോഷങ്ങൾ എന്നീ വികാസാവശ്യങ്ങൾ ഏത് മേഖലയിലെ വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു

A:-വൈജ്ഞാനിക വികാസം

B:-വൈകാരിക വികാസം

C:-സാമൂഹിക വികാസം

D:-ഭാഷാ വികാസം

Correct Answer:- Option-C

Question12:-വികാസത്തെക്കുറിച്ചുള്ള പ്രസ്താവനയിൽ ശരിയല്ലാത്തതേത്

A:-വികാസം ഗുണാത്മകമാണ്

B:-വികാസംപുരോഗമനാത്മകമാണ്

C:-ആകൃതി ഘടന എന്നിവയിലെ മാറ്റം

D:-ജനനം മുതൽ മരണം വരെ തുടർച്ചയായി നടക്കുന്നു

Correct Answer:- Option-C

Question13:-പഠനവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയല്ലാത്തതേത്

A:-കുട്ടികളുടെ പഠനശൈലി വ്യത്യസ്തമാണ്

B:-പഠനം രേഖീയമായ പ്രക്രിയയാണ്

C:-മുന്നറിവുകളും അനുഭവങ്ങളുമായി ബന്ധിപ്പിച്ച് പുതിയ വിജ്ഞാന ശകലങ്ങൾ കൂട്ടിച്ചേർക്കുന്നതാണ് പഠനം

D:-പഠന വസ്തുതയുടെ സ്വഭാവം അനുസരിച്ച് പഠനവേഗതയുടെ സ്വാധീനം വ്യത്യസ്തമായിരിക്കും

Correct Answer:- Option-B

Question14:-വൈജ്ഞാനിക ഘടനയിൽ ഉൾച്ചേരാത്ത അറിവുകളെ കൂട്ടിച്ചേർത്തു കൊണ്ട് ജ്ഞാന്യ ഘടന വിപുലീകരിക്കുന്ന പ്രക്രിയയാണ്

A:-സംതുലനം

B:-സംയോജനം

C:-സംസ്ഥാപനം

D:-സ്വാംശീകരണം

Correct Answer:- Option-C

Question15:-ഹവാർഡ് ഗാർഡ്നർ കണ്ടെത്തിയ ബഹുമുഖ ബുദ്ധിയിൽ ഭാഷാപരമായ ബുദ്ധിയുമായി ബന്ധപ്പെട്ടതേത്

A:-ഉയർന്ന ശ്രവണ ശേഷി

B:-ബന്ധങ്ങൾ കണ്ടെത്തൽ

C:-ചിത്രീകരിക്കാനുള്ള കഴിവ്

D:-ചുറ്റുപാടുമുള്ള ശബ്ദങ്ങൾ തിരിച്ചറിയൽ

Correct Answer:- Option-A

Question16:-പ്രകൃതിപരമായ ബുദ്ധിയുമായി ബന്ധപ്പെട്ട് പ്രീപ്രൈമറി കുട്ടികൾക്ക് നൽകാൻ കഴിയുന്ന പ്രവർത്തനം

A:-പ്രകൃതി നടത്തം

B:-അനുഭവം പങ്കുവയ്ക്കാൻ

C:-കൌതുക വസ്തുക്കളുടെ ശേഖരണം

D:-ലളിതമായ വായ്ത്താരികൾ ചൊല്ലുക

Correct Answer:- Option-C

Question17:-കുട്ടികളുടെ ആരോഗ്യനില ശാരീരിക വികാസം എന്നിങ്ങനെ വ്യക്തി ഗുണങ്ങൾ സംബന്ധിച്ച് തുടച്ചയായി രേഖപ്പെടുത്തുന്ന സമ്പ്രദായം

A:-ഉപാഖ്യാനരീതി

B:-സഞ്ചിതരേഖാരീതി

C:-ഏകവ്യക്തി പഠനം

D:-നിരീക്ഷണ രീതി

Correct Answer:- Option-B

Question18:-ദൃശ്യസ്ഥലപരമായ ബുദ്ധി ഏത് വികാസമേഖലയുമായി ബന്ധപ്പെട്ടതാണ്

A:-വൈജ്ഞാനിക വികാസം

B:-സർഗാത്മകവും സൌന്ദര്യാത്മകവുമായ വികാസം

C:-സാമൂഹികവും വൈകാരികവുമായ വികാസം

D:-ഭാഷാ വികാസം

Correct Answer:- Option-B

Question19:-താഴെകൊടുത്തവയിൽ നിന്നും കേൾവിക്ക് തകരാറുള്ള കുട്ടികളെ എങ്ങനെ തിരിച്ചറിയാൻ കഴിയും

A:-സംസാരിക്കാൻ താമസം

B:-വിക്ക് ഉണ്ടായിരിക്കും

C:-ചലനത്തിനു പ്രയാസം

D:-അവ്യക്തഭാഷണം

Correct Answer:- Option-A

Question20:-തന്നിരിക്കുന്നവയിൽ ശൈശവത്തിൻ്റെ സവിശേഷതകളിൽ പൊടാത്തത് ഏതാണ്

A:-ആശ്രിതത്വം

B:-ജിജ്ഞാസ

C:-അതീത ചിന്ത

D:-ചലനാത്മകത

Correct Answer:- Option-C

Question21:-ബുദ്ധി എന്നത് ഏകാത്മകമല്ല, അതിനു ബഹുമുഖങ്ങൾ ഉണ്ട് - എന്നു പ്രസ്താവിച്ച മനശ്ശാസ്ത്രജ്ഞൻ ആരാണ്

A:-പിയാഷെ

B:-ബ്രൂണർ

C:-ഡാനിയൽ ഗോൾമാൻ

D:-ഹവാർഡ് ഗാർഡ്നർ

Correct Answer:- Option-D

Question22:-കുട്ടി യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും യാഥാർത്ഥ്യ ബോധമില്ലാതെ പെരുമാറുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പറയുന്ന പേരെന്താണ്

A:-സെറിബ്രൽ പാൾസി

B:-ഓട്ടിസം

C:-സ്കിസോഫ്രീനിയ

D:-വിഷാദ രോഗം

Correct Answer:- Option-C

Question23:-ഒരു കുട്ടിയുടെ മസ്തിഷ്കവളർച്ചയുടെ 85 ശതമാനവും നടക്കുന്നത് ഏത് പ്രായത്തിലാണ്

A:-രണ്ടു വയസ്സിനുള്ളിൽ

B:-ആറു വയസ്സിനുള്ളിൽ

C:-ഒമ്പതു വയസ്സിനുള്ളിൽ

D:-പന്ത്രണ്ടു വയസ്സിനുള്ളിൽ

Correct Answer:- Option-B

Question24:-താഴെ കൊടുത്തവയിൽ ദൃശ്യസ്ഥലപരമായ ബുദ്ധി വികസിക്കുന്നതിനായി കുട്ടിക്ക് നൽകാവുന്ന പ്രവർത്തനങ്ങളിൽ പെടാത്തത് ഏതാണ്

A:-കൊളാഷ് നിർമ്മാണം

B:-ചിത്രങ്ങൾക്ക് നിറം കൊടുക്കൽ

C:-കരകൌശലപ്രവർത്തനങ്ങൾ

D:-പോസ്റ്റർ നിർമ്മാണം

Correct Answer:- Option-C

Question25:-കുട്ടികൾക്ക് കഥ പറഞ്ഞു കൊടുക്കുന്നത് എന്തിനാണ് കൂട്ടത്തിൽ പെടാത്തത് എടുത്തെഴുതുക

A:-ഭാവന വളരാൻ

B:-കാണാതെ പഠിക്കാൻ

C:-ആശയഗ്രഹണത്തിന്

D:-വൈകാരിക വികാസത്തിന്

Correct Answer:- Option-B

Question26:-തന്നിരിക്കുന്നവയിൽ നിന്നും സൂക്ഷ്മചലനശേഷിയുമായി ബന്ധപ്പെട്ട പ്രവർത്തനം തെരെഞ്ഞെടുത്തെഴുതുക

A:-വരയിലൂടെ നടക്കുക

B:-വസ്തുക്കൾ അടുക്കിവെക്കുക

C:-വസ്തുക്കൾ എറിയുക

D:-ഒറ്റക്കാലിൽ ചാടുക

Correct Answer:- Option-B

Question27:-പ്രീസ്കൂൾ ഗണിത പഠനത്തിൽ പരിഗണിക്കേണ്ടതല്ലാത്ത ഘട്ടം ഏതാണ്

A:-അനുഭവം

B:-ഭാഷ

C:-ചിത്രം

D:-പ്രതീകം

Correct Answer:- Option-D

Question28:-ബ്ലൂബേബി സിൻഡ്രോം ഉണ്ടാകുന്നത് ജലത്തിൽ ഏത് ഘടകത്തിൻ്റെ ആധിക്യം മൂലമാണ്

A:-ഓക്സിജൻ

B:-നൈട്രേറ്റ്

C:-മാഗ്നീഷ്യം

D:-കാൽസ്യം

Correct Answer:- Option-B

Question29:-നിറമുള്ള കൊച്ചു കടലാസ് തുണ്ടുകളോ തുണിക്കഷണങ്ങളോ ഒട്ടിച്ച് രൂപപ്പെടുത്തുന്ന ചിത്രങ്ങൾക്ക് പറയുന്ന പേരെന്താണ്

A:-സ്ക്രിബ്ലിങ്

B:-കട്ടൗട്ട് ചിത്രം

C:-കൊളാഷ്

D:-സ്പ്രേ പെയിൻ്റിങ്

Correct Answer:- Option-C

Question30:-താഴെ കൊടുത്തവയിൽ പ്രീസ്കൂൾ വിലയിരുത്തൽ രീതിയിൽ പെടാത്തത് ഏതാണ്

A:-പോർട്ട് ഫോളിയോ വിലയിരുത്തൽ

B:-നിരീക്ഷണം

C:-അനൗപചാരിക ഭാഷണം

D:-പരീക്ഷണം

Correct Answer:- Option-D

Question31:-ഒഴിവാക്കാൻ സാധിക്കാത്തത് എന്ന് അർത്ഥം വരുന്ന പദം കണ്ടെത്തുക

A:-പ്രത്യുൽപന്നമതിത്വം

B:-അനിവാര്യം

C:-അനുപേക്ഷണീയം

D:-അഭിലഷണീയം

Correct Answer:- Option-B

Question32:-താഴെ കൊടുത്തിരിക്കുന്നവയിൽ ഈച്ചയ്ക്ക് സമാനമായ പദം ഏത്

A:-ഹസ്തി

B:-ശാകം

C:-ചിലന്തി

D:-മക്ഷിക

Correct Answer:- Option-D

Question33:-കൃതഘ്നൻ എന്ന പദത്തിൻ്റെ വിപരീത പദം കണ്ടെത്തുക

A:-കൃതജ്ഞൻ

B:-കുപിതൻ

C:-നാസ്തികൻ

D:-കൃതകൃത്യൻ

Correct Answer:- Option-A

Question34:-താഴെ പറയുന്നവയിൽ ആദേശ സന്ധിക്ക് ഉദാഹരണം ഏത്

A:-അവർ

B:-കടയറ്റ്

C:-നിങ്ങൾ

D:-തിരുവുള്ളം

Correct Answer:- Option-C

Question35:-കറുത്ത പശു പച്ചപ്പുല്ല് വേഗത്തിൽ തിന്നുന്നു. ഈ വാക്യത്തിലെ ക്രിയാവിശേഷണം കണ്ടെത്തുക.

A:-കറുത്ത

B:-തിന്നുന്നു

C:-വേഗത്തിൽ

D:-പച്ച

Correct Answer:- Option-C

Question36:-Write the plural form of 'wife'.

A:-wifes

B:-wife's

C:-wives

D:-wifee

Correct Answer:- Option-C

Question37:-I go to school every day.
Identify the adjective in the sentence.

A:-every

B:-to

C:-go

D:-day

Correct Answer:- Option-A

Question38:-He is the ______ among the three.
Use the correct word in the blank.

A:-tall

B:-taller

C:-tallness

D:-tallest

Correct Answer:- Option-D

Question39:-He aimed _____ the bird.
Fill in the blank with the correct preposition given below.

A:-on

B:-at

C:-of

D:-for

Correct Answer:- Option-B

Question40:-When I reached the station, the train ___left.
Fill in the blank with the appropriate tense.

A:-has

B:-was

C:-had

D:-had been

Correct Answer:- Option-C

Question41:-താഴെ കൊടുത്തിട്ടിട്ടുള്ള പ്രസ്താവനകളിൽ സ്വതന്ത്ര്യനന്തര കാലഘട്ടങ്ങളിൽ നടന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം എന്ന് കണ്ടെത്തുക.
i. 1947 ന് ശേഷം വിധിയുമായുള്ള കൂടിക്കാഴ്ച എന്ന വിഖ്യാത പ്രസംഗം നടത്തിയത്  മൊറാർജി ദേശായി ആണ്.
ii. ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഇന്ത്യയിലെ ആദ്യസംസ്ഥാനമാണ് കേരളം
iii. പ്രായപൂർത്തി വോട്ടവകാശത്തിൻ്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തിയ ഇന്ത്യയിലെ ആദ്യത്തെ പ്രദേശമാണ് മണിപ്പൂർ
iv. 1953 ൽ ജവാഹർലാൽ നെഹ്റുവിൻ്റെ അധ്യക്ഷയിൽ ഇന്ത്യൻ സംസ്ഥാന പുനസംഘടന കമ്മീഷൻ രൂപീകരിച്ച് രണ്ടുവർഷം കൊണ്ട് റിപ്പോർട്ട് സമർപ്പിച്ചു.

A:-i ഉം ii ഉം iii ഉം ശരിയാണ്

B:-iv മാത്രം ശരിയാണ്

C:-iii മാത്രം ശരിയാണ്

D:-iv ഉം i യും ശരിയാണ്

Correct Answer:- Option-C

Question42:-താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ഇന്ത്യയിലെ നീതി ആയോഗിൻ്റെ ചുമതലകളുമായി ബന്ധപ്പെട്ട് യോജിക്കാത്ത പ്രസ്താവനകൾ ഏതെല്ലാം
i. നമ്മുടെ രാജ്യത്തിൻ്റെ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദവും സന്തുലിതവുമായവിനിയോഗത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുക.

ii. പദ്ധതികൾ നടപ്പിലാക്കേണ്ട മുൻഗണനയുടെ അടിസ്ഥാനത്തിൽ വിവിധ ഘട്ടങ്ങൾ നിർവ്വചിക്കുകയും ഓരോ ഘട്ടവും കൃത്യമായി പൂർത്തിയാക്കുന്നതിന് വിഭവങ്ങൾ അനുവദിക്കുകയും ചെയ്യുക.
iii.രാജ്യത്തിൻ്റെ നിലവിലുള്ള സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ കണക്കിലെടുക്കാതെ പദ്ധതിയുടെ വിജയകരമായ നിർവഹണത്തിന് ആവശ്യമായ വ്യവസ്ഥകൾ നിർണ്ണയിക്കുക.
iv. രാജ്യത്തിലെ സ്വകാര്യ മേഖലയെ പരമാവധി വികസിപ്പിക്കുന്ന രീതിയിലുള്ള സാമ്പത്തിക പരിപാടികൾ നടപ്പിലാക്കുക.

A:-i ഉം ii ഉം ശരിയാണ്

B:-iii ഉം iv ഉം ശരിയാണ്

C:-i ഉം ii ഉം ശരിയാണ്

D:-ii ഉം iii ഉം ശരിയാണ്

Correct Answer:- Option-B

Question43:-1857ൽ നടന്ന ഇന്ത്യയുടെ ഒന്നാം സ്വതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള സ്ഥലങ്ങളും നേതാക്കളുടെയും പേരുകളിൽ ശരിയായി യോജിക്കുന്നത് ഏതെല്ലാം
i. ബഹദൂർഷാ 1 - ബംഗാൾ
ii. റാണി ലക്ഷ്മി ഭായ് - ഝാൻസി
iii. നാന സാഹിബ്ബ് - കാൺപൂർ
iv. ബീഗം ഹസ്രത് മഹൽ - ഡൽഹി

A:-i ഉം ii ഉം ശരിയാണ്

B:-i ഉം iv ഉം ശരിയാണ്

C:-ii ഉം iii ഉം ശരിയാണ്

D:-iii ഉം i ഉം ശരിയാണ്

Correct Answer:- Option-C

Question44:-സൈലൻ്റ് വാലി ദേശീയ ഉദ്യാനവുമായി ബന്ധപ്പെട്ട നാല് പ്രസ്താവനകൾ താഴെ കൊടുത്തിരിക്കുന്നു. ഇവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം എന്ന് കണ്ടെത്തുക.
i. ഇടുക്കി ജില്ലയിലെ അട്ടപ്പാടി പീഠഭൂമിയുടെ ഭാഗമായ നിശബ്ദതാഴ്വര (സൈലൻ്റ് വാലി) ഹെക്ടർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന അത്യപൂർവ്വ ജീൻ കലവറയാണ്.
ii. മനുഷ്യ സ്പർശം ഏൽക്കാത്ത നിശ്ബ്ദ താഴ്വരയുടെ മറ്റൊരു പേരാണ് കന്യാവനങ്ങൾ
iii. ലോകോത്തരമായ നിത്യ ഹരിത മഴക്കാടുകളെയും അതിലെ അത്യപൂർവ്വ സസ്യ ജന്തു ജാലങ്ങളെയും സംരക്ഷിക്കാനായി 1984ൽ കേന്ദ്ര ഗവൺമെൻ്റ് സൈലൻ്റ് വാലിയെ ഒരു നാഷണൽ പാർക്ക് ആയി പ്രഖ്യാപിച്ചു.
iv. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏക നിത്യ ഹരിത വനമാണ് സൈലൻ്റ് വാലി.

A:-i പ്രസ്താവന തെറ്റാണ്

B:-ii ഉം iv ഉം പ്രസ്താവനകൾ തെറ്റാണ്

C:-iii പ്രസ്താവന തെറ്റാണ്

D:-i ഉം ii ഉം ii ഉം പ്രസ്താവനകൾ തെറ്റാണ്

Correct Answer:- Option-A

Question45:-താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശ്രദ്ധാപൂർവ്വം വായിച്ചു നോക്കുക.
i. കേരള നിയമ സഭ ആദ്യമായി കാർഷിക ബന്ധ ബിൽ പാസ്സാക്കി.
ii. കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിന്ന ജന്മിത്തം എന്ന സമ്പ്രദായത്തെ കേരള സർക്കാർ നിയമം മൂലം അവസാനിപ്പിച്ചു.
iii. ശ്രീ ഇ എം എസ് മുഖ്യമന്ത്രിയായി കേരളത്തിൽ ആദ്യത്തെ ഇടതുപക്ഷ മന്ത്രിസഭ അധികാരത്തിൽ വന്നു.
iv. കേരളത്തിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായ ശ്രീ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ ബില്ല് കേരള

നിയമസഭയിൽ അവതരിപ്പിച്ചു.
മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകളെ അവ നടന്നതിൻ്റെ അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ എഴുതുക.

A:-iii, ii, i, iv എന്ന ക്രമമാണ് ശരി

B:-iii, iv, i, ii എന്ന ക്രമമാണ് ശരി

C:-iii, i, ii, iv എന്ന ക്രമമാണ് ശരി

D:-iii, iv, i, ii എന്ന ക്രമമാണ് ശരി

Correct Answer:- Option-D

Question46:-ഒരു ക്ലാസ്സിലെ 20 കുട്ടികളുടെ ശരാശരി വയസ്സ് 8 ആണ്. ടീച്ചറിനെയും കൂടി ഉൾപ്പെടുത്തിയാൽ ശരാശരി വയസ്സ് 10 ആകും എങ്കിൽ ടീച്ചറിൻ്റെ വയസ്സ് എത്ര

A:-60

B:-50

C:-40

D:-45

Correct Answer:- Option-B

Question47:-ഒരു സംഖ്യയുടെ 16% 48 ആയാൽ ആ സംഖ്യയുടെ 20% എത്ര

A:-20

B:-48

C:-60

D:-32

Correct Answer:- Option-C

Question48:-രാജുവും രാധയും ഒരു തുക 5:4 എന്ന അംശബന്ധത്തിൽ വീതിച്ചപ്പോൾ രാധയ്ക്ക് 640 രൂപ കിട്ടി എങ്കിൽ ആകെ എത്ര രൂപയാണ് വീതിച്ചത്

A:-1400

B:-1480

C:-1460

D:-1440

Correct Answer:- Option-D

Question49:-ഒരു വൃത്തത്തിൻ്റെ ആരം വശത്തിൻ്റെ നീളം 4 cm ആയിട്ടുള്ള ഒരു സമചതുരത്തിൻ്റെ ചുറ്റളവിനോട് തുല്യമാണ്. ഏങ്കിൽ ആ വൃത്തത്തിൻ്റെ ചുറ്റളവ് എത്ര

A:-32 π cm

B:-32 π $cm^2$

C:-16 π cm

D:-16 π $cm^2$

Correct Answer:- Option-A

Question50:-5 ലക്ഷം രൂപയ്ക്ക് 5% പലിശ നിരക്കിൽ 5 വർഷത്തേക്ക് സാധാരണ പലിശ എത്ര രൂപയാകും

A:-100000

B:-250000

C:-120000

D:-125000

Correct Answer:- Option-D

Question51:-ഇനിപ്പറയുന്നവയിൽ ഏതാണ് വൈകല്യം എന്ന പദത്തെ നിർവചിക്കുന്നത്

A:-അഭാവം/ ഒരു വ്യക്തിക്കുള്ളിലെ ഘടനാപരമായ കാര്യമായ നഷ്ടം

B:-ഒരു പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയുടെ പ്രവർത്തനപരമായ പരിമിതി

C:-ഒരു വ്യക്തിയുടെ സാമൂഹിക കഴിവുകളെ പരിമിതപ്പെടുത്തുന്ന സാമൂഹിക പോരായ്മ

D:-മുകളിൽ പറയുന്നവ ഒന്നുമല്ല

Correct Answer:- Option-A

Question52:-RPWD, 2016 അനുസരിച്ച്, സർക്കാർ ജോലിയിൽ ബെഞ്ച്മാർക്ക് വൈകല്യമുള്ള വ്യക്തികൾക്ക് മൊത്തം എത്ര ശതമാനം സംവരണം നൽകും

A:-3%

B:-2%

C:-4%

D:-1%

Correct Answer:- Option-C

Question53:-ഇനിപ്പറയുന്നവയിൽ ഏതാണ് ക്രോസ് ഡിസെബിലിറ്റി എന്ന ആശയം വിശദീകരിക്കുന്നത്

A:-എല്ലാ വൈകല്യങ്ങളെയും വ്യതിരിക്തമായ പ്രശ്നങ്ങൾ എന്നതിലുപരി ഒരു കൂട്ടായ അനുഭവമായി കാണുന്നു

B:-തീരുമാനങ്ങൾ എടുക്കുവാനും നയരൂപീകരണങ്ങളിലും വൈകല്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തുക

C:-വൈകല്യമുള്ളവരുടെ ശാക്തീകരണവും സ്വാതന്ത്ര്യവും പ്രോത്സാഹിപ്പിക്കുന്നു

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question54:-RPWD, 2016 പ്രകാരം വൈകല്യത്തിൻ്റെ പ്രാഥമിക പ്രതിരോധം ഇനിപ്പറയുന്നവയിൽ ഏതാണ് ലക്ഷ്യമിടുന്നത്

A:-രക്ഷിതാക്കൾക്ക് അവബോധം നൽകൽ

B:-വൈകല്യത്തിൻ്റെ  ആദ്യകാല തിരിച്ചറിയൽ

C:-ആദ്യകാല പുനരധിവാസം

D:-മുകളിൽ കൊടുത്തിരിക്കുന്നവയിൽ ഒന്നുമല്ല

Correct Answer:- Option-A

Question55:-**NEP, 2020 പ്രകാരം ആദ്യകാല ഇടപ്പെടലിൽ കമ്മ്യൂണിറ്റിയുടെ പ്രാധാന്യം താഴെപ്പറയുന്നവയിൽ ഏതാണ്**

A:-ബാല്യകാല പരിചരണം

B:-ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിൽ ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക

C:-വൈകല്യത്തിൻ്റെ ആദ്യകാല പ്രതിരോധം

D:-മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല

Correct Answer:- Option-B

Question56:-ഒരു കുട്ടിയുടെ അക്കാദമിക് വളർച്ചയെ സഹായിക്കുന്നതിന് IEP വികസിപ്പിക്കുന്നതിൽ ഇനിപ്പറയുന്നവരിൽ ആർക്കാണ് പ്രധാന പങ്ക് ?

A:-നയരൂപകർത്താക്കൾ

B:-സിവിൽ സൊസൈറ്റി സംഘടനകൾ

C:-മെഡിക്കൽ പ്രൊഫഷണലുകൾ

D:-സ്പെഷ്യൽ എഡ്യൂക്കേറ്റർ

Correct Answer:- Option-D

Question57:-വികസന കാലതാമസമുള്ള (ഡെവലപ്മെൻ്റൽ ഡിലേ) ഒരു കുട്ടിക്ക് വീട്ടിലിരുന്നുള്ള ആദ്യകാല ഇടപ്പെടൽ പ്രയോജനകരമാകുന്നത് എന്തുകൊണ്ട്

A:-എല്ലാ കുടുംബാഗങ്ങളും പുനരധിവാസത്തിൽ പങ്കെടുക്കുന്നു

B:-ഫാമിലി കൗൺസിലിംഗിനൊപ്പം വീട്ടിൽ തന്നെ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു

C:-കുട്ടിയുടെ കുടുംബ അന്തരീക്ഷം തെറാപ്പിസ്റ്റ് മനസിലാക്കുന്നു

D:-മുകളിൽ പറഞ്ഞ എല്ലാം

Correct Answer:- Option-D

Question58:-NIEPVD മുഖേന ഏത് വൈകല്യത്തിനാണ് പുനരധിവാസം ലഭിക്കുന്നത്

A:-ശ്രവണ വൈകല്യം

B:-ലോക്കോമോട്ടർ വൈകല്യം

C:-കാഴ്ച വൈകല്യം

D:-ബുദ്ധിപരമായ വൈകല്യം

Correct Answer:- Option-C

Question59:-ഭിന്നശേഷിയുള്ളവരുടെ പുനധിവാസ സേവനങ്ങൾക്കായി ആഗോള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനം ഏതാണ്

A:-യു. എൻ. ഡി. പി. (UNDP)

B:-ഐ. ഡി. പി. (IDP)

C:-യുനെസ്കോ (UNESCO)

D:-ലോകാരോഗ്യ സംഘടന (WHO)

Correct Answer:- Option-D

Question60:-താഴെപ്പറയുന്നവയിൽ ഇൻഫർമേഷൻ ആൻ്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി(ICT) പ്രവർത്തനത്തിൽ ഉൾപ്പെടാത്ത കാര്യം ഏതാണ് ?

A:-സാമൂഹിക ആശയ വിനിമയം മെച്ചപ്പെടുത്തുന്നു

B:-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക

C:-യാത്രയ്ക്ക് ഇളവ് നൽകുന്നു

D:-പഠിക്കാനുള്ള അവസരങ്ങൾ ഭിന്നശേഷിക്കാർക്ക് വർദ്ധിപ്പിക്കുന്നു

Correct Answer:- Option-C

Question61:-ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി
I. ആന്തരിക ചെവിയിലെ ഘടനകൾ ക്രമേണ വഷളാകുകയും പ്രായവുമായി ബന്ധപ്പെട്ട ശ്രവണ നഷ്ടത്തിലേക്ക് നയിക്കുകയും ചെയ്യും.
II. ഉച്ചത്തിലുള്ള ശബ്ദത്തിൽ ദീർഘനേരം സമ്പർക്കം പുലർത്തുന്നത് അകത്തെ ചെവിയിലെ രോമ കോശങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും കേൾവിശക്തി നഷ്ടപ്പെടുകയും ചെയ്യും.
III. ഓട്ടോടോക്സിക് മരുന്നുകൾ കേൾവി വൈകല്യത്തിന് കാരണമാകില്ല.

A:-I മാത്രം

B:-I, II and III

C:-III

D:-I and II

Correct Answer:- Option-D

Question62:-ശൈശവത്തിൻ്റെ ആദ്യഘട്ടത്തിലെ കേൾവിക്കുറവിൻ്റെ ലക്ഷണങ്ങൾ ഇനിപ്പറയുന്നവയിൽ ഏതാണ്

A:-ശബ്ദങ്ങളിലൂടെ പ്രതികരിക്കുക

B:-വലിയ ശബ്ദങ്ങൾ കേട്ടാൽ ഞെട്ടലിലൂടെ പ്രതികരിക്കുക

C:-ആശയവിനിമയ നാഴികക്കല്ലുകൾ കൈവരിക്കുന്നതിലെ കാലതാമസം

D:-ഹൈപ്പർ ആക്റ്റിവിറ്റി കാണിക്കുക

Correct Answer:- Option-C

Question63:-എങ്ങിനെയാണ് മിക്സഡ് ഹിയറിങ് ലോസ് ഉണ്ടാകുന്നത്

A:-ബാഹ്യ ചെവിയിൽ ഉണ്ടാകുന്ന പ്രശ്നം മാത്രം

B:-മധ്യ ചെവിയിലും ആന്തരിക ചെവിയിലും ഉണ്ടാകുന്ന പ്രശ്നം മാത്രം

C:-ആന്തരിക ചെവിയിൽ ഉണ്ടാകുന്ന പ്രശ്നം

D:-ബാഹ്യ ചെവിയിലും മധ്യ ചെവിയിലും ആന്തരിക ചെവിയിലും ഉണ്ടാകുന്ന പ്രശ്നം

Correct Answer:- Option-D

Question64:-ഇനിപ്പറയുന്നവയിൽ ജന്മനായുള്ള കേൾവിക്കുറവിൻ്റെ കാരണങ്ങളിൽ പെടുന്നത് ഏതാണ്

A:-അമിതമായ ശബ്ദ എക്സ്പോഷർ

B:-റൂബെല്ല

C:-ഓട്ടോടോക്സിക് മരുന്നുകൾ കഴിക്കുന്നത്

D:-സെൻസറി ഹെയർ സെല്ലുകളുടെ അപചയം /നഷ്ടപ്പെടൽ

Correct Answer:- Option-B

Question65:-ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് തെറ്റ്
I. കേൾവിക്കുറവ് കുട്ടികളുടെ സാമൂഹിക-സാമ്പത്തിക വികസനത്തെ ബാധിക്കില്ല.
II. ശ്രവണ വൈകല്യം ഒരു വിദ്യാർത്ഥിയുടെ അക്കാദമിക് നേട്ടത്തെ ബാധിക്കും.
III. ശ്രവണ വൈകല്യം ഭാഷാ വളർച്ച വികസിപ്പിക്കാനുള്ള വിദ്യാർത്ഥിയുടെ കഴിവിനെ ബാധിക്കും.

A:-I

B:-II and III

C:-I and III

D:-III

Correct Answer:- Option-A

Question66:-കേൾവിക്കുറവുള്ള കുട്ടികൾക്കായി പ്രത്യേക ക്ലാസ് റൂമിൽ ഉപയോഗിക്കുന്ന ഗ്രൂപ്പ് ലിസണിംഗ് ഉപകരണങ്ങൾ ഇനിപ്പറയുന്നതിൽ ഏതാണ്

A:-ചെവിക്ക് പിന്നിൽ വക്കുന്ന ശ്രവണ സഹായി (BTE)

B:-ഡോർബെൽ/ അലാറങ്ങൾ പോലുള്ള മുന്നറിയിപ്പ് ഉപകരണങ്ങൾ (അലെർട്ടിങ് ഡിവൈസ്)

C:-കോക്ലിയർ ഇംപ്ലാൻ്റ്

D:-ഇൻ ദി ഇയർ ഹിയറിം എയ്ഡ് (ITE)

Correct Answer:- Option-B

Question67:-X-,Y-അക്ഷരങ്ങൾ യഥാക്രമം ഫ്രീക്വൻസി ഫംഗ്ഷനും തീവ്രതയും സൂചിപ്പിക്കുന്ന ഓഡിയോമീറ്ററിൻ്റെ  അളന്ന ശ്രവണ പരിധിയുടെ ഗ്രാഫിക്കൽ ചിത്രികരണത്തിൻ്റെ പദം ഏതാണ്

A:-സ്പീച്ച് ബനാന

B:-ആംപ്ലിഫിക്കേഷൻ

C:-ഓഡിയോഗ്രാം

D:-ഓഡിറ്ററി പരിശീലനം

Correct Answer:- Option-C

Question68:-വിഷ്വൽ/ ലിപ് സൂചകങ്ങളില്ലാതെ കേൾവിശക്തി മാത്രം ഉപയോഗിച്ച് പരിശീലിപ്പിക്കുന്ന തത്വത്തിന് കീഴിൽ പ്രവർത്തിക്കുന്നതും സാധാരണ സംഭാഷണം പ്രോത്സാഹിപ്പിക്കുന്നതുമായ സമീപനം ഏതാണ്

A:-വെഡൻബർഗ് അപ്രോച്ച്

B:-വേർബോട്ടോനാൽ അപ്രോച്ച്

C:-ലിംഗിൻ്റെ അപ്രോച്ച്

D:-അകൃപെഡിക് അപ്രോച്ച്

Correct Answer:- Option-D

Question69:-കേൾവിക്കുറവുള്ള കുട്ടികൾക്ക് ഓഡിറ്ററി പരിശീലനം നൽകുമ്പോൾ ഏത് ശ്രേണിയാണ് നിലനിർത്തുന്നത് പ്രയോഗിക്കുന്നത്

A:-ഡിറ്റക്ഷൻ, ഡിസ്ക്രിമിനേഷൻ, ഐഡൻ്റിഫിക്കേഷൻ

B:-ഡിസ്ക്രിമിനേഷൻ, ഡിറ്റക്ഷൻ, ഐഡൻ്റിഫിക്കേഷൻ

C:-ഐഡൻ്റിഫിക്കേഷൻ, ഡിസ്ക്രിമിനേഷൻ, ഡിറ്റക്ഷൻ

D:-ഐഡൻ്റിഫിക്കേഷൻ, അറ്റഷൻ, ഡിസക്രിമിനേഷൻ

Correct Answer:- Option-A

Question70:-ഇനിപ്പറയുന്നവയിൽ നവജാത ശിശുവിന് ഉപയോഗിക്കുന്ന സ്ക്രീനിങ് ടൂൾ ഏതാണ്

A:-സ്പീച്ച് ഓഡിയോമെട്രി

B:-പ്യുവർ ടോൺ ഓഡിയോമെട്രി (PTA)

C:-ഓട്ടോകൌസ്റ്റിക് എമിഷൻ ഓഡിയോമെട്രി (OAE)

D:-കണ്ടീഷൻഡ് പ്ലേയ് ഓഡിയോമെട്രി

Correct Answer:- Option-C

Question71:-ദ്വിഭാഷാവാദത്തെക്കുറിച്ച് ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് തെറ്റ്

A:-ഒരു ഭാഷയിൽ പ്രാവണ്യവും മറ്റ് ഭാഷയിൽ സംസാരിക്കാൻ ഉള്ള കഴിവ്

B:-ഒന്നിൽ കൂടുതൽ ഭാഷകളിൽ സംസാരിക്കാൻ മാത്രം ഉള്ള കഴിവ്

C:-ഒന്നിൽ കൂടുതൽ ഭാഷകളിൽ അർത്ഥവത്തായ ഉച്ചാരണം സൃഷ്ടിക്കാൻ ഉള്ള കഴിവ്

D:-ഒന്നിൽ കൂടുതൽ ഭാഷകളിൽ എഴുതുവാനും വായിക്കുവാനും ഉള്ള കഴിവ്

Correct Answer:- Option-D

Question72:-മൂന്ന് വയസ്സുള്ള രാമു എന്ന കുട്ടി മാതാപിതാക്കളോട് സംസാരിക്കുമ്പോൾ വാക്കുകൾ നിർത്തി നിർത്തി സംസാരിക്കുകയും വാക്കുകൾക്കിടയിൽ ദീർഘ സ്വഭാവം കാണിക്കുന്നു. പ്രായത്തിൻ്റെ സംസാര വികസനവും കുട്ടിക്കുണ്ട്. ഇത് ഭാഷാ വൈകല്യമാണോ

A:-എൻ എൻ എഫ്

B:-ദ്രുതഗതിയിലുള്ള സംസാരം

C:-കുട്ടിക്കാലത്തെ ഫ്ലൂഫൻസി ഡിസോഡർ

D:-ഇത് വൈകല്യമല്ല

Correct Answer:- Option-A

Question73:-ഓഡിറ്ററി വെർബൽ തെറാപ്പി (AVT) അവതരിപ്പിച്ചത്

A:-വീസ്

B:-വാറൻ എസ്റ്റാബ്രൂക്ക്സ്

C:-ഓസ്ബർഗർ

D:-ഗീയർ

Correct Answer:- Option-B

Question74:-ഒരു കുട്ടിയുടെ ജനനം മുതൽ ആറുമാസം വരെ കൃത്യമായ വളർച്ച പുരോഗതിയിലൂടെ കടന്നുപോയി അതിനുശേഷം സംസാരത്തിന് വളർച്ച പുരോഗതി ഉണ്ടാകുന്നില്ല.

A:-കുട്ടിക്ക് ശബ്ദത്തിനോടുള്ള ശ്രദ്ധ അഭാവം

B:-കുട്ടി പുറപ്പെടുവിക്കുന്ന ശബ്ദം കുട്ടിക്ക് കേൾക്കാൻ കഴിയുന്നില്ല

C:-നേത്രസമ്പർക്കത്തിൻ്റെ അഭാവം

D:-ഇവയെല്ലാം

Correct Answer:- Option-B

Question75:-7 വയസ്സുള്ള വളരെ തീവ്രമായ എ എസ് ഡി (ASD) കുട്ടിയുടെ ഭാഷാപ്രായം വിലയിരുത്തുന്നതിന് ഇനിപ്പറയുന്നവയിൽ ഏത് പരിശോധന നടത്താം

A:-ALD

B:-ISAA

C:-REELS

D:-CELF

Correct Answer:- Option-C

Question76:-താഴെപ്പറയുന്നവയിൽ ആംഗ്യഭാഷയെക്കുറിച്ചുള്ള തെറ്റ് ഏതാണ്

A:-ആംഗ്യഭാഷകൾ സാർവത്രികമാണ്

B:-ബധിതരുടെ സമൂഹങ്ങൾക്കിടയിൽ ആംഗ്യഭാഷകൾ സ്വാഭാവികമായി ഉയർന്നു വരുന്നു

C:-ആംഗ്യഭാഷ കേൾവി ശക്തിയെക്കാൾ ദൃശ്യത്തെ ആശ്രയിക്കുന്നു

D:-ജന്മനാബധിരായ വ്യക്തികളിൽ ആംഗ്യഭാഷ തലച്ചോറിൻ്റെ പ്രബലമായ അർധ ഗോളത്തെ അടിസ്ഥാനമാക്കിയുള്ളതാണ്

Correct Answer:- Option-A

Question77:-മൊത്തം ആശയവിനിമയം (Total Communication) അർത്ഥമാക്കുന്നത്

A:-ഉത്തമീകരിച്ച ശ്രവണ കഴിവുകൾ മാത്രം ഉപയോഗിക്കുക

B:-ദൃശ്യപരമായി സംഭാഷണ വായനയ്ക്കൊപ്പം ആംപ്ലിഫിക്കേഷനോടുകൂടിയ ശേഷിക്കുന്ന കേൾവിയുടെ ഉപയോഗം

C:-സംഭാഷണവും ആംഗ്യഭാഷയും ഒരേസമയം ഉപയോഗിക്കുന്നതിന് എല്ലാ ആശയ വിനിമയ രീതികളും സംയോജിപ്പിക്കുന്നു

D:-മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല

Correct Answer:- Option-C

Question78:-5 വയസ്സുള്ള ഒരു കുട്ടിക്ക് അവ്യക്തമായ സംസാര രീതി കാണപ്പെടുന്നു പ്രധാനമായും ബിസ്കറ്റ് എന്നതിനെ ബിക്കറ്റ് എന്നും നക്ഷത്രം നച്ചതം എന്നും പറയുന്നു. ഏത് തരത്തിലുള്ള ഉച്ചാരണ പിശകാണ്

A:-സബ്സ്റ്റിട്യൂഷൻ

B:-ക്ലസ്റ്റർ റിഡക്ഷൻ

C:-അഡിഷൻ

D:-ഒമിഷൻ

Correct Answer:- Option-B

Question79:-ചുവടെ നൽകിയിരിക്കുന്ന ലക്ഷണങ്ങൾ ഏത് തരത്തിലുള്ള അവസ്ഥയിലാണ് കാണപ്പെടുന്നത് സംസാരം വീണ്ടും വീണ്ടും ആവർത്തിക്കാനുള്ള പതിവ് അഭ്യർത്ഥന, വേഗത്തിലുള്ള സംസാരം മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്, സങ്കീർണ്ണമായ ശ്രവണ ദിശ പിന്തുടരാനുള്ള ബുദ്ധിമുട്ട് വാക്കാലുള്ള ആശയവിനിമയ സമയത്ത് പൊരുത്തമില്ലാത്ത അല്ലെങ്കിൽ അനുചിതമായ പ്രതികരണം

A:-ASD

B:-ഭാഷാ വൈകല്യം

C:-CAPD

D:-ADHD

Correct Answer:- Option-C

Question80:-സാൻഡ്റൈറ്റിംഗ്, എയർ റൈറ്റിംഗ് സാൻഡ് പേപ്പറിൽ ട്രയ്സിംഗ് തുടങ്ങിയ അദ്ധ്യാപന സാങ്കേതികവിദ്യകൾ ഏത് അധ്യാപന സമീപനത്തിൻ്റെ കീഴിലാണ് വരുന്നത്

A:-മൾട്ടിസെൻസറി സിലബിൾ യൂണിറ്റ് സമീപനം

B:-അസോസിയേഷൻ ഫൊണീം യൂണിറ്റ് രീതി

C:-ക്യൂഡ് സ്പീച്ച്

D:-ലിംഗസ് അപ്രോച്ച്

Correct Answer:- Option-A

Question81:-കുഞ്ഞു കുട്ടികളിൽ കാണുന്ന വൈകാരിക ആശയവിനിമയത്തിൻ്റെ ആദ്യ രൂപം

A:-കരയുന്നു

B:-പുഞ്ചിരിക്കുന്നു

C:-എ & ബി

D:-മുകളിൽ പറഞ്ഞവ ഒന്നുമല്ല

Correct Answer:- Option-C

Question82:-കുട്ടികളിൽ കാണപ്പെടുന്ന ടെമ്പർടാൻടം അനുസരിച്ച് അവരെ എത്രയായി തരം തിരിക്കാം

A:-എളുപ്പമുള്ള കുട്ടി & ബുദ്ധിമുട്ടുള്ള കുട്ടി

B:-എളുപ്പമുള്ള കുട്ടി & മന്ദഗതിയിലുള്ള കുട്ടി

C:-ബുദ്ധിമുട്ടുള്ള കുട്ടി & മന്ദഗതിയിലുള്ള കുട്ടി

D:-എളുപ്പമുള്ള കുട്ടി,ബുദ്ധിമുട്ടുള്ള കുട്ടി, മന്ദഗതിയിലുള്ള കുട്ടി

Correct Answer:- Option-D

Question83:-പരിചരിക്കുന്നയാളും ശിശുവും തമ്മിലുള്ള മുഖാമുഖാ ഇടപ്പെടൽ ആരംഭിക്കുന്നത് ഏത് പ്രായത്തിലാണ്

A:-2-3 മാസം

B:-4-5 മാസം

C:-5-6 മാസം

D:-മുകളിൽ പറഞ്ഞവ ഒന്നുമല്ല

Correct Answer:- Option-A

Question84:-ഏതൊരു വ്യക്തിയുടെയും വൈകാരിക സൂചകം മനസ്സിലാക്കാനുള്ള കുട്ടിയുടെ കഴിവ് അവ്യക്തമായ സാഹചര്യങ്ങളെ കൂടുതൽ കൃത്യമായി വ്യാഖ്യാനിക്കാൻ ശിശുക്കളെ സഹായിക്കുന്നു, കൂടാതെ അപരിചിതനെ ഭയപ്പെടണോ എന്ന് തീരുമാനമെടുക്കൽ സാധ്യമാണ്. ഇതിനെ ____________ വിളിക്കുന്നു.

A:-സോഷ്യൽ ഓറിയൻറേഷൻ

B:-സോഷ്യൽ കമ്മ്യൂണിക്കേഷൻ

C:-സോഷ്യൽ റഫറൻസിങ്

D:-സോഷ്യോ ലിംഗ്വിസ്റ്റിക്സ്

Correct Answer:- Option-C

Question85:-ഒരുകുട്ടിയുടെ പെരുമാറ്റം പ്രതിഫലത്തിൻറെയോ ശിക്ഷയുടെയോ സഹായത്തോടെ പരിഷ്കരിക്കാനാകും. ഇത് കുട്ടിയുടെ __________ വളർച്ചയെ രൂപ്പെടുത്തുന്നു.

A:-ക്ലാസ്സിക്കൽ കണ്ടീഷനിംഗ്

B:-ഓപറാൻറ് കണ്ടീഷനിംഗ്

C:-എഥോളജിക്കൽ തിയറി

D:-സോഷ്യൽ കോഗ്നിറ്റീവ് തിയറി

Correct Answer:- Option-B

Question86:-മുഖഭാവം,ശരീര ഭാവം, നേത്ര സമ്പർക്കം അല്ലെങ്കിൽ ചൂണ്ടിക്കാണിക്കൽ എന്നിവ പോലുള്ള ഏകപക്ഷീയമായ ചലനങ്ങൾ സംസാരിക്കുന്ന വേളയിൽ ഒരി വ്യക്തി നിർമ്മിക്കുന്നതും കൃത്യമായ പദവുമായി യാതൊരു ബന്ധവുമില്ലാത്തതുമാണ്

A:-ഐകോണിക് ആംഗ്യങ്ങൾ

B:-എംബ്ലം ആംഗ്യങ്ങൾ

C:-മെറ്റാഫോറിക് ആംഗ്യങ്ങൾ

D:-ഇഡിയോസിൻ ക്രാറ്റിക് ആംഗ്യങ്ങൾ

Correct Answer:- Option-D

Question87:-ഒരു ശിശു സ്വന്തം അമ്മയെ മാത്രമല്ല മറ്റു സ്ത്രീകളെയും പെൺകുട്ടികളെയും അമ്മ എന്ന് വിളിക്കുന്നു. ഈ പദ പ്രയോഗത്തിൻ്റെ ഘട്ടം ഏതാണ്

A:-ടെലിഗ്രാഫിക് സ്പീച്

B:-അണ്ടർ എക്സ്റ്റൻഷൻ

C:-ഓവർ എക്സ്റ്റൻഷൻ

D:-ലെക്സിക്കൺ

Correct Answer:- Option-C

Question88:-Apgar സ്കെയിലിലെ ആകെ സ്കോർ 5 നവജാതശിശു ____________അവസ്ഥയിലാണെന്ന് സൂചിപ്പിക്കുന്നു

A:-അടിയന്തരാവസ്ഥയിൽ

B:-വികസന ബുദ്ധിമുട്ടുകൾ ഉണ്ടാകാം

C:-നല്ല ആരോഗ്യ സ്ഥിതി

D:-മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല

Correct Answer:- Option-B

Question89:-സ്വന്തം മാനസിക പ്രക്രിയകളെയും മറ്റുള്ളവരുടെ മാനസിക പ്രക്രിയകളെയും കുറിച്ചുള്ള അവബോധം

A:-ഇന്ദ്രിയജ്ഞാനം

B:-മനസ്സിൻ്റെ സിദ്ധാന്തം

C:-മെറ്റാകോഗ്നിഷൻ

D:-ശ്രദ്ധ

Correct Answer:- Option-B

Question90:-10 വയസ്സുള്ള കുട്ടിയുടെ I Q സ്കോർ 68 ഉം സംസാര വളർച്ചഘട്ടങ്ങൾ അവൻ്റെ സമപ്രായക്കാരേക്കാൾ പിന്നിലും സാമൂഹിക വളർച്ചയിലും പിന്നിലുമാണ് അവൻ്റെ താൽക്കാലിക രോഗനിർണയം എന്തായിരിക്കും ?

A:-എ. എസ്. ഡി.

B:-ബുദ്ധിപരമായ വൈകല്യം

C:-ആഗോള വികസന കാലതാമസം

D:-സ്പീച്ച് സൌണ്ട് ഡിസോർഡർ

Correct Answer:- Option-B

Question91:-ഉൾപ്പെടുത്തലിൻ്റെ നിർവ്വചനം, തെറ്റായ പ്രസ്താവന കണ്ടെത്തിക.
i. പൊതു വിദ്യാഭ്യാസ ക്ലാസ് മുറിയിൽ ഭിന്നശേഷിയുള്ള അല്ലെങ്കിൽ പ്രത്യേക പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളുടെ ഇരിപ്പിടം എന്ന നിലയിലുള്ള ഉൾപ്പെടുത്തൽ.
ii. എല്ലാ വിദ്യാർത്ഥികളുടെയും സാമൂഹികവും പഠന സംബന്ധമായതുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ഉൾപ്പെടുത്തൽ.
iii. ഭിന്നശേഷിയുള്ള അല്ലെങ്കിൽ പ്രത്യേക പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളും സാധാരണ വിദ്യാർത്ഥികളും

ഒരു സ്കൂളിലെ പൊതുവിദ്യാഭ്യാസ ക്ലാസ് മുറികളിലേക്ക് പൂർണ്ണമായും സംയോജിപ്പിക്കുന്ന ഒരു വിദ്യാഭ്യസ പരിശീലനമാണ് ഉൾപ്പെടുത്തൽ.

A:-i and iii മാത്രം

B:-i and ii മാത്രം

C:-iii മാത്രം

D:-ii and iii മാത്രം

Correct Answer:- Option-C

Question92:-എന്താണ് തുല്യത ? ശരിയായ പ്രസ്താവന കണ്ടെത്തുക.
i. ചില വ്യക്തികൾക്ക് മാത്രം അവരുടെ വ്യക്തിത്വം പരിഗണിക്കാതെ വളരാനും സംഭാവന ചെയ്യാനും വികാസത്തിനും അവസരമുള്ള അവസ്ഥ.
ii. എല്ലാ ആളുകൾക്കും അവരുടെ വ്യക്തിത്വം പരിഗണിക്കാതെ വളരാനും സംഭാവന ചെയ്യാനും വികാസത്തിനും പരിമിതമായ അവസരമുള്ള അവസ്ഥ.
iii. ഭിന്നശേഷിയുള്ള വ്യക്തികൾ ഉൾപ്പെടെ എല്ലാവർക്കും അവരുടെ വ്യക്തിത്വം പരിഗണിക്കാതെ വളരാനും സംഭാനവന ചെയ്യാനും വികാസത്തിനുമുള്ള അവസ്ഥ.

A:-ii and iii മാത്രം

B:-i and iii മാത്രം

C:-i മാത്രം

D:-iii മാത്രം

Correct Answer:- Option-C

Question93:-സാമൂഹിക തടസ്സങ്ങളുടെ ഉദാഹരണം ശരിയായ പ്രാസ്താവന ഏതാണ്
i. അധ്യാപകർക്ക് ഉൾപ്പെടുത്തൽ വിദ്യാഭ്യാസ സമ്പ്രദായത്തിൻ്റെ തത്വശാസ്ത്രം ഗ്രഹിക്കുവാൻ കഴിയാത്തതിനാൽ, ഉൾപ്പെടുത്തൽ വിദ്യാഭ്യാസ സമ്പ്രദായമെന്ന ആശയം പാടെ നിരാകരിക്കപ്പെടുന്നു.
ii. ഭിന്നശേഷിയിളളവരെ വ്യത്യസ്തരായി കാണുന്നതിനാൽ അവരുമായി ഇടപഴകാതിരിക്കാൻ പൊതുസമൂഹത്തിൽ ഒരു വിഭാഗം തീരുമാനിക്കുന്നു.
iii. ഭിന്നശേഷി എന്ന അവസ്ഥ ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു

A:-i മാത്രം

B:-iii മാത്രം

C:-i and iii മാത്രം

D:-ii മാത്രം

Correct Answer:- Option-D

Question94:-എന്താണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ്റെ ദൌത്യം ശരിയായ പ്രസ്താവന കണ്ടെത്തുക.
i. അനാഥർക്കും ഭിന്നശേഷിയുള്ളവർക്കും ആശ്വാസ ഭവനം നൽകുന്നതിന്
ii. ഓട്ടിസം, സെറിബ്രൽ പാൾസി, ബൌദ്ധിക വൈകല്യം, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ളവരെ വിദ്യാഭ്യാസ കോഴ്സുകൾ പിന്തുടരാൻ പ്രോത്സാഹിപ്പിക്കുക.
iii.എല്ലാ വിദ്യാർത്ഥികൾക്കും കാര്യക്ഷമമായ വളർച്ചയ്ക്കും വികസനത്തിനും തുല്യതയ്ക്കും വ്യവസ്ഥകൾ നൽകുന്നതിന്

A:-i മാത്രം

B:-i and ii മാത്രം

C:-ii and iii മാത്രം

D:-iii മാത്രം

Correct Answer:- Option-D

Question95:-ആദ്യകാല ഇടപെടലിൻ്റെ പ്രധാന ഘടകങ്ങൾ ഏതെല്ലാമാണ്
i. കണ്ടെത്തൽ, നിയന്ത്രിക്കൽ, പ്രവർത്തനങ്ങൾ
ii. പ്രവർത്തനം പുനസ്ഥാപിക്കുക, പിന്തുണയ്ക്കുക, സുരക്ഷ, സുഖം, ജീവിത നിലവാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുക.
iii. സ്ക്രീനിംഗ്, തിരിച്ചറിയൽ, പ്രതിരോധം, വികസനം വൈകുന്ന കുട്ടിയുടെ സൃഷ്ടിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക, കുട്ടിയുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കുടുംബത്തിൻ്റെ ശേഷി വർദ്ധിപ്പിക്കുക.

A:-i മാത്രം

B:-i and iii മാത്രം

C:-iii മാത്രം

D:-i and ii മാത്രം

Correct Answer:- Option-C

Question96:-ആരുടെ പങ്കാളിത്തമാണ് ഉൾപ്പെടുത്തലിൻ്റെ വിജയം ഉറപ്പാക്കുന്നത് ?
i. കർത്തവ്യ നിർവഹണത്തിൽ പങ്കാളികളായ എല്ലാ കർത്തവ്യ വാഹരുടേയും ഏകോപിതവും സഹകരണപരവുമായ പരിശ്രമങ്ങൾ.
ii. മാതാപിതാക്കളുടെയും സുഹൃത്തുക്കളുടെയും ഏകോപിതവും സഹകരണപരമായ പരിശ്രമങ്ങൾ.
iii. പൊതുജനങ്ങളുടെയും സമൂഹത്തിൻ്റെയും ഏകോപിതവും സഹകരിച്ചുള്ളതുമായ പരിശ്രമങ്ങൾ.

A:-iii and i മാത്രം

B:-iii മാത്രം

C:-i മാത്രം

D:-i, ii and iii മുകളിൽ പറഞ്ഞവ എല്ലാം

Correct Answer:- Option-C

Question97:-എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടിയെടുക്കുവാൻ ശുപാർശ ചെയ്യുന്ന ഒരു പ്രസ്താവന ഏതാണ്
i. ജീവിത നിലവാരം മെച്ചപ്പെടുത്തി വിദ്യാഭ്യാസം നേടുക.
ii. ദൈനംദിന പ്രവർത്തനം വിദ്യാഭ്യാസ നേട്ടത്തിനായി ഉപയോഗപ്പെടുത്തുക.
iii. ഉൾപ്പെടുത്തൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അധ്യാപനത്തിലും പഠന പ്രക്രിയയിലും നൂതനമായ ഗവേഷണം പ്രോത്സാഹിപ്പിക്കുക.

A:-i മാത്രം

B:-iii മാത്രം

C:-i and iii മാത്രം

D:-i, ii, and iii മുകളിൽ പറഞ്ഞ എല്ലാം

Correct Answer:- Option-B

Question98:-നിർദ്ദിഷ്ട പഠന വൈകല്യങ്ങൾക്ക് ഉപയോഗിക്കുന്ന ബദൽ ആശ്വാസ നടപടികളും തന്ത്രങ്ങളും ഏതൊക്കെയാണ് ?
i. സംഘാടകർ, സാങ്കേതികവിദ്യ, വിവിധ ആശയവിനിമയബദലുകൾ.
ii. ശ്രദ്ധകേന്ദ്രീകരിക്കാൻ, വ്യാഖ്യാനം, പങ്കെടുക്കൽ.
iii. പ്രവർത്തനം, വിശകലനം, പരിഹാര നടപടികൾ

A:-i and ii മാത്രം

B:-iii മാത്രം

C:-i and iii മാത്രം

D:-i മാത്രം

Correct Answer:- Option-D

Question99:-എത്ര അടിസ്ഥാന പാഠ്യപദ്ധതി രൂപാന്തരങ്ങൾ ഉണ്ട് ?
i. 11
ii.  6
iii. 9

A:-ii മാത്രം

B:-i and iii മാത്രം

C:-iii മാത്രം

D:-i മാത്രം

Correct Answer:- Option-C

Question100:-ഭിന്നശേഷി വിഭാഗം കുട്ടികളുടെ ഉൾപ്പെടുത്തൽ വിദ്യാഭ്യാസം വിഭാനം ചെയ്യുന്ന രണ്ട് കേന്ദ്ര നിയമങ്ങൾ ഏതോക്കെയാണ് ?
i. ബാലനീതി നിയമം, 2015 (Juvenile Justice (Care and Protection of Children Act, 2015).
ii. ഭിന്നശേഷി അവകാശ നിയമം, 2016 (The Rights of Person with Disabilities Act, 2016)
iii. സൌജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം, 2009 (The Right of Children to Free and Compulsory Education Act, 2009)

A:-ii മാത്രം

B:-i മാത്രം

C:-ii and iii മാത്രം

D:-iii മാത്രം

Correct Answer:- Option-C